**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3650** **12-03-2025 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ നിന്ന് ആരെങ്കിലും പുറത്താക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർ പുറത്താക്കപ്പെട്ടിട്ടുണ്ടെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (എ) | എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന 127 പേരെ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്.<br><br>1. പട്ടികയിൽ നിന്നും ഒഴിവാകാൻ അപേക്ഷ നൽകിയവർ – 17<br><br>2. വന്ധ്യത കാരണമായി ഭാര്യയും ഭർത്താവും ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഒരാളെ ഒഴിവാക്കിയത് - 12<br><br>3. വന്ധ്യതമൂലം ലിസ്റ്റിൽ ഉൾപ്പെടുകയും പിന്നീട് കുട്ടികളുണ്ടാകുകയും ചെയ്തവർ -35<br><br>4. ഒരാൾതന്നെ രണ്ട് ഒ പി നമ്പറിൽ ഉൾപ്പെട്ടത് - 63 |
| (ബി) | ലിസ്റ്റിൽ നിന്നും പുറത്താക്കപ്പെട്ടവർക്കും സഹായം നൽകുമെന്ന് വാഗ്ദാനം നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത വാഗ്ദാനം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വാഗ്ദാനം അനുസരിച്ച് എന്തെല്ലാം തരത്തിലുള്ള സഹായം എപ്പോൾ നൽകുമെന്ന് അറിയിക്കുമോ; | (ബി) | ഇല്ല. |
| (സി) | എൻഡോസൾഫാൻ സെൽ നിലവിലുണ്ടോയെന്നും ചെയർമാൻ ആരാണെന്നും സെൽ അവസാനമായി യോഗം ചേർന്നത് എപ്പോഴാണെന്നും വെളിപ്പെടുത്തുമോ? | (സി) | സെൽ നിലവിലുണ്ട്. കാസർഗോഡ് ജില്ല എൻഡോസൾഫാൻ സെല്ലിന്റെ ചെയർമാൻ ബഹു. സംസ്ഥാന പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി ശ്രീ. പി. എ മുഹമ്മദ് റിയാസ് ആണ്. പ്രസ്തുത സെൽ അന്തിമമായി 08.01.2023-ലാണ് യോഗം ചേർന്നത്. |

സെക്ഷൻ ഓഫീസർ